## റൂളിംഗ്

മി. സ്പീക്കർ: അടിയന്തര പ്രമേയം എടുക്കുന്നതിന് മുമ്പ് സഭയുടെ ശ്രദ്ധയിലേയ്ക്ക് ചെയറിന് ഒരു കാര്യം പറയാനുണ്ട്. ഇന്നലെ വൈകുന്നേരം ഈ സഭയ്ക്കകത്ത് അസാധാരണമായ ഒരു രംഗമാണ് കണ്ടത്. ഒരാൾ ഒരു ഭാഗത്തും മറ്റ് ആളുകളെല്ലാംകൂടി മറുഭാഗത്തും നിന്ന് ഫുട്ബോൾ പ്ലേ പോലെയാണ് കണ്ടത്. ചെയർ മാത്രം ഒരുഭാഗത്തും മിക്കവാറുമുള്ള ആളുകൾ അപ്പുറത്തുമായിരുന്നു. അത്തരമൊരു സന്ദർഭമുണ്ടാകുന്നതിൽ ചെയറിന് വളരെയധികം വിഷമമുണ്ട്. ഓരോരുത്തരും സംസാരിക്കാൻ സമയം എടുക്കുമ്പോൾ ഞാൻ മൈക്ക് ഓഫ് ചെയ്യുമെന്ന് പറയുന്നതല്ലാതെ എപ്പോഴെങ്കിലും ഓഫ് ചെയ്തിട്ടുണ്ടോ? ഏതെങ്കിലും സമയത്ത് നിയന്ത്രിക്കാൻ പറയുന്നതല്ലാതെ കർശന നിയന്ത്രണം ആക്കിയിട്ടില്ല. അഞ്ച് മിനിറ്റിന് ഇരുപത്തിയഞ്ച് മിനിറ്റ് എടുക്കുന്നവരും പണ്ട് എങ്ങോ സഭ ഒന്നരമണിക്ക് നിർത്തിയ ആളിന്റെ അവധാനങ്ങൾ വെളിയിൽ നിന്ന് എന്നോട് പറയാറുണ്ട്. ഇതൊന്നും അറിയാത്ത ആളല്ല ഞാൻ. അന്നും ഞാൻ ഈ സഭയിലുണ്ടായിരുന്ന ആളാണ്. ഒരുപക്ഷേ ചില ആളുകൾക്ക് ഒരുപാട് കാര്യങ്ങൾ പറയാനുണ്ടാകും. ക്വസ്റ്റ്യൻ അവർ മാത്രമാണ് സമയം എന്റെ നിയന്ത്രണത്തിലുള്ളത്. ഇന്നലെ മാത്രമല്ല എല്ലാ ദിവസങ്ങളിലും ഞാൻ പറയുന്നതാണ് നോമ്പ് എടുക്കുന്ന സഹോദരങ്ങളുടെ ദിവസങ്ങളാണെന്നും അവർക്ക് ആ സമയത്ത് പോയി നോമ്പ് തുറന്ന് ഭക്ഷണം കഴിക്കണമെന്നുള്ളതും. അതെല്ലാം കേട്ടുകൊണ്ടിരിക്കും. ഇവിടെ നേതാക്കന്മാരുടെ സാന്നിദ്ധ്യത്തിൽ മുഖ്യമന്ത്രിയും

പ്രതിപക്ഷ നേതാവുമിരുന്ന മീറ്റിംഗിൽ വച്ചാണ് ബിസിനസ് അഡ്വൈസറി കൗൺസിൽ ഇന്നലത്തെയും രണ്ട് ദിവസത്തെയും പ്രത്യേക ചർച്ചകൾ വച്ചത്. ബി.എ.സി. പാസ്സാക്കുന്നത് സഭ അംഗീകരിച്ചുകൊണ്ടാണ്. നിങ്ങളും കൂടി അഗീകരിച്ച സമയമാണ് ഇന്നലെയും എടുത്തത്. എല്ലാവർക്കു മറിയാവുന്ന കാര്യമാണ് ചർച്ച കഴിഞ്ഞ് ചട്ടം 58 ചർച്ച ചെയ്യുമ്പോൾ അതിന്റേതായ സമയം എടുക്കുമെന്നുള്ളത്. അതിനുമുമ്പ് ഇതൊന്നും പറഞ്ഞിട്ടും ആരും നിയന്ത്രിച്ചില്ല. ഒരു ദിവസം ഒരു പ്രത്യേക ചർച്ച വന്നപ്പോൾ എല്ലാവരുംകൂടി പോയി. സഭയിലെ എം.എൽ.എ.മാരുടെ ഉത്തര വാദിത്വത്തെക്കുറിച്ച് യഥാർത്ഥ ചിത്രം മീഡിയകൾ എടുത്തുപറഞ്ഞപ്പോൾ അത് ആളുകൾക്ക് കൊണ്ടാൽ മാത്രമല്ല നമ്മൾ അത് മനസ്സിലാക്കണം. ഇന്നലെ ഞാൻ അത് പറഞ്ഞപ്പോൾ രണ്ട് ഭാഗത്തുമുള്ള ആളുകളുടെ ചാട്ടം എനിക്ക് മനസ്സിലായി. ചെയർ അനുവദിച്ചിട്ടല്ലേ പ്രസംഗിച്ചത് എന്നാണ് ചോദിച്ചത്. പത്ത് മിനിട്ട് സംസാരിക്കേണ്ടവർ 20 മിനിട്ടും ആറ് മിനിട്ട് സംസാരിക്കേണ്ടവർ 18 മിനിട്ടും അങ്ങനെ ഓരോരുത്തരും സമയം കൂടുതൽ എടുത്തില്ലേയെന്ന് ഞാൻ എടുത്തുചോദിച്ചു. വീണ്ടും എന്നോട് ചോദിച്ചു, ചെയർ അനുവദിച്ചതുകൊണ്ടാണല്ലോ ഞങ്ങൾ സംസാരിച്ചതെന്ന് പറഞ്ഞു. അപ്പോൾ ഇന്നലെ വാദി പ്രതിയായി. ഞാൻ ഇപ്പോൾ പറയാൻ പോകുന്നത്, മൈക്ക് ഒന്നും ഞാൻ ഓഫ് ചെയ്യാൻ പോകുന്നില്ല. ഇന്ന് മൂന്ന് മണിക്കൂർ ചർച്ചയുണ്ട്. നോമ്പ് ദിവസമാണ്, മാത്രമല്ല നിരവധി സബ്ജക്ട് കമ്മിറ്റികളും വച്ചിട്ടുണ്ട്. ഇതെല്ലാം അതിനുശേഷമാണ് കൂടേണ്ടതും അതുമാത്രമല്ല ഇന്ന്

ബിൽ എടുക്കേണ്ടതുണ്ട്. ബില്ലാകുമ്പോൾ അതിൽ നിയന്ത്രണം പാടില്ല. നമ്മൾ എല്ലാവരും നിയമത്തിൽ പിടിക്കാൻ മിടുക്കരാണ്. ഇന്ന് ഒരു മൈക്കും ഓഫ് ചെയ്യില്ല, ചെയറിൽ ഇരിക്കുന്ന ആളുകൾ നിങ്ങളെ അത് ഓർമ്മിപ്പി ക്കും. നിങ്ങൾ സ്വയം നിയന്ത്രണം എടുക്കാൻ ശ്രമിക്കണമെന്നാണ് ചെയ റിന് അഭ്യർത്ഥിക്കാനുള്ളത്. അടിയന്തരപ്രമേയം അവതരിപ്പിക്കുന്ന മെമ്പർ, അടിയന്തര പ്രമേയത്തിന് മറുപടി പറയുന്ന മന്ത്രി, അതുപോലെ സബ്മിഷൻ, അതിന് മറുപടികൾ, അതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കെല്ലാം എല്ലാവരും സ്വയം നിയന്ത്രിക്കണം. ഇന്നലെ വൈകുന്നേരം ഒരു ഭാഗത്തുനിന്ന് ഒരാൾ മാത്രം കളിക്കുന്നു ബാക്കി എല്ലാവരും കൂടി അപ്പുറത്തുനിന്ന് കളിച്ച ദിവസ മായിരുന്നു. ഇത് ഫുട്ബോൾ അല്ല. എല്ലാ കളിക്കും ഒരു നിയമവും ചിട്ടയു മുണ്ട്. ആ ഒരു സൗമനസ്യം പോലും നിങ്ങൾ ആരും ഇന്നലെ ചെയറിനോട് കാണിച്ചില്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, അങ്ങ് ഇവിടെ പ്രകടിപ്പിച്ച വികാരത്തോട് പൂർണ്ണമായും യോജിക്കുന്നു. അങ്ങേയ്ക്ക് ഇങ്ങനെയൊരു വിഷമം ഉണ്ടായതിൽ ഖേദിക്കുന്നു. സമയം പാലിക്കണമെന്ന് പറഞ്ഞതിന് ഈ സഭയുടെ ഇരുഭാഗത്തുനിന്നുമുള്ള പൂർണ്ണ സഹകരണം ലഭിക്കു മെന്നാണ് വിശ്വസിക്കുന്നത്. അങ്ങ് അക്കാര്യത്തിൽ എടുക്കുന്ന തീരുമാനം നടപ്പിലാക്കുന്നതിന് പൂർണ്ണമായ സഹകരണം ഉണ്ടാകും.